I ഇ.ബി. XV - കേരള നിയമസഭ/IV-3

**പതിനഞ്ചാം കേരള നിയമസഭ**

നാലാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2022 ഫെബ്രുവരി 22, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I. ചരമോപചാരം

ഇ. ശങ്കരൻ, എ. യൂനുസ് കുഞ്ഞ്, ലതാ മങ്കേഷ്ക്കർ എന്നിവരുടെ നിര്യാണം

മുൻ നിയമസഭാംഗങ്ങളായിരുന്ന ഇ. ശങ്കരൻ, എ. യൂനുസ് കുഞ്ഞ്,

പ്രശസ്ത ഗായിക ഭാരതരത്നം ലതാ മങ്കേഷ്കർ എന്നിവരുടെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിക്കുകയും ചെയ്തു.

## II. ചെയർമാൻമാരുടെ പാനൽ

സർവ്വശ്രീ ഡി. കെ. മുരളി, ജി. എസ്. ജയലാൽ, മഞ്ഞളാംകുഴി അലി എന്നീ ബഹുമാനപ്പെട്ട അംഗങ്ങളെ പതിനഞ്ചാം കേരള നിയമസഭയുടെ നാലാം സമ്മേളനകാലത്തെ ചെയർമാൻമാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്തു.

## III അടിയന്തരപ്രമേയം

അഴിമതി വിരുദ്ധ സംവിധാനങ്ങളെ ദുർബലപ്പെടുത്തുന്ന നടപടികൾ

മി. സ്പീക്കർ: ലോകായുക്ത അടക്കമുള്ള സംസ്ഥാനത്തെ അഴിമതിവിരുദ്ധ സംവിധാനങ്ങളെ ദുർബലപ്പെടുത്തുന്ന സർക്കാരിന്റെ നടപടിമൂലം ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ സണ്ണി ജോസഫ്, കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

2022-ലെ കേരള ലോകായുക്ത ഭേദഗതി ഓർഡിനൻസ് പുറപ്പെടുവിച്ച സാഹചര്യമാണ് ഈ നോട്ടീസിന് ആധാരമെന്ന് വിശദീകരണത്തിൽനിന്ന് വ്യക്തമാകുന്നുണ്ട്. ഭരണഘടനയുടെ അനുച്ഛേദം 213(2)(a) പ്രകാരം ഓർഡിനൻസിന് പകരമുള്ള ബിൽ അവതരിപ്പിക്കുന്ന വേളയിൽ ഓർഡിനൻസ് നിരാകരണ പ്രമേയം സഭയിൽ കൊണ്ടുവരാവുന്നതാണ്. മാത്രമല്ല, ടി വിഷയം കോടതിയുടെ പരിഗണനയിലായതിനാൽ അടിയന്തര പ്രമേയമായി ഉന്നയിക്കുന്നത് ഉചിതമല്ല. പ്രമേയവതാരകൻ വിശദീകരണക്കുറിപ്പിൽ ഓർഡിനൻസിനെ പരോക്ഷമായി പരാമർശിച്ചിട്ടുണ്ടെങ്കിലും സഭയുടെ നടപടിക്രമങ്ങളും കീഴ്വഴക്കവും ഉൾക്കൊണ്ട് പൊതുവായ കാര്യങ്ങൾ മാത്രം ഉന്നയിക്കേണ്ടതാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): അടിയന്തരപ്രമേയ വിഷയം ലോകായുക്ത നിയമ ഭേദഗതിയെ സംബന്ധിച്ചുള്ളതാണ്. ഗവർണർ ഒപ്പുവച്ച ഓർഡിനൻസ് അടിയന്തരപ്രമേയത്തിലൂടെ ചോദ്യം ചെയ്യുന്നത് ശരിയായ കീഴ്വഴക്കമല്ല. ഭരണഘടനയുടെ 213-ാം അനുച്ഛേദപ്രകാരം ഓർഡിനൻസ് നിരാകരണ പ്രമേയം സഭയിൽ കൊണ്ടുവന്ന് ചർച്ച ചെയ്യാവുന്നതാണ്. ഈ വിഷയം

സമൂഹത്തിൽ സൃഷ്ടിക്കുന്ന ആശങ്കകൾക്ക് വ്യക്തത വരുത്തുകയെന്നതാണ് ഗവൺമെന്റ് സമീപനം. ആയതിനാൽ ഈ നോട്ടീസിന് മറുപടി നൽകാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

പ്രമേയാവതാരകൻ നോട്ടീസിൽ ഉന്നയിച്ചിട്ടുള്ള വിഷയങ്ങൾ വസ്തുതാവിരുദ്ധമാണ്. ലോകായുക്തയുടെ ഒരു അധികാരവും സർക്കാർ എടുത്തുകളഞ്ഞിട്ടില്ല. ലോകായുക്ത നിയമത്തിൽ വിചിത്രമായി നിലനിന്നിരുന്ന 14-ാം വകുപ്പിൽ ഭേദഗതി വരുത്താനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. പ്രസ്തുത നിയമത്തിലെ 9, 12, 14, 15 വകുപ്പ് പ്രകാരമുള്ള അധികാരങ്ങൾ ഭേദഗതിയിൽ നിലനിർത്തിയിട്ടുണ്ട്. 14-ാം വകുപ്പ് പ്രകാരം ലോകായുക്ത നടത്തുന്ന പ്രഖ്യാപനം പൊതുസേവകനുമേൽ അധികാരമുള്ള കോമ്പീറ്റന്റ് അതോറിറ്റി അതുപോലെ അംഗീകരിക്കാൻ ബാദ്ധ്യസ്ഥനാണ് എന്ന വ്യവസ്ഥയാണ് ഭേദഗതി ചെയ്തത്. ഈ വ്യവസ്ഥ രാജ്യത്ത് നിലവിലുള്ള ഒരു നിയമത്തിലുമില്ല. പാർലമെന്റ് കൊണ്ടുവന്ന ലോക്പാൽ നിയമത്തിന്റെ 24-ാം വകുപ്പും സംസ്ഥാന നിയമങ്ങളിലെ ഇതുസംബന്ധിച്ച വകുപ്പുകളും ഇപ്പോൾ കൊണ്ടുവന്ന വകുപ്പിന് സമാനമായിട്ടുള്ളവയാണ്. ലോക്പാൽ ബില്ലിലെ മൂന്നാമത്തെ പാർട്ടായിരുന്ന ലോകായുക്ത ബിൽ പാർലമെന്റ് പാസാക്കേണ്ടതില്ലെന്നും സംസ്ഥാനങ്ങൾക്ക് മാതൃകാ

നിയമമായി അയച്ചുകൊടുക്കണമെന്നും തീരുമാനിച്ചപ്പോഴും കോമ്പീറ്റന്റ് അതോറിറ്റിക്ക് റിപ്പോർട്ട് സമർപ്പിക്കുകയെന്ന് മാത്രമാണ് നിഷ്കർഷിച്ചിട്ടുള്ളത്. രാജ്യത്ത് നിലനിൽക്കുന്ന വ്യവസ്ഥകൾക്ക് അനുസൃതമായിട്ടുള്ള ഭേദഗതിയാണ് ഓർഡിനൻസിലൂടെ കൊണ്ടുവന്നിട്ടുള്ളത്. നിലവിലെ ലോകായുക്ത നിയമപ്രകാരമുള്ള അധികാരം ഭരണഘടനാപരമല്ലെന്ന് അഡ്വക്കേറ്റ് ജനറലിൽനിന്നും ലഭിച്ച ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ വ്യവസ്ഥകൾക്കനുസൃതമായാണ് ഓർഡിനൻസിലൂടെ ഭേദഗതി കൊണ്ടുവന്നത്. പ്രസ്തുത ഓർഡിനൻസിന് അംഗീകാരം നൽകുന്നതിൽനിന്നും ഗവർണ്ണറെ പിന്തിരിപ്പിക്കാൻ ശ്രമം നടത്തിയത് ഖേദകരമാണ്. ലോകായുക്തയുടെ അധികാരങ്ങൾ ദുർബ്ബലപ്പെടുത്തുന്ന നടപടി സ്വീകരിച്ചിട്ടില്ല. അഴിമതിക്കെതിരെ ശക്തമായ നിലപാടുകളാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്.

<u>ശ്രീ. സണ്ണി ജോസഫ്</u>: സംസ്ഥാന നിയമസഭ 23 വർഷങ്ങൾക്ക് മുമ്പാണ് ലോകായുക്ത നിയമം പാസ്സാക്കിയത്. ഉദ്യോഗസ്ഥർക്കെതിരെയും മന്ത്രിമാർക്കെതിരെയും അഴിമതിക്ക് കേസെടുക്കണമെങ്കിൽ മുൻകൂർ അനുമതി വാങ്ങണമെന്ന കേന്ദ്ര നിയമത്തിന് സമാനമായാണ് ലോകായുക്തയെ നിർജ്ജീവമാക്കുന്ന നടപടികൾ സംസ്ഥാന സർക്കാർ

സ്വീകരിച്ചിരിക്കുന്നത്. നിയമത്തിൽ അപ്പീൽ പ്രൊവിഷനാണ് കൊണ്ടുവരുന്നതെങ്കിൽ പ്രതിപക്ഷം അതിനെ സ്വാഗതം ചെയ്യുമായിരുന്നു. ലോകായുക്ത പുറപ്പെടുവിക്കുന്ന ഉത്തരവിന്റെ അപ്പലേറ്റ് അതോറിറ്റി മുഖ്യമന്ത്രിയായിരിക്കണമെന്ന ഭേദഗതി പിൻവലിക്കണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഭരണഘടനാവിരുദ്ധമായ വ്യവസ്ഥ ഭരണഘടനാനുസൃതമാക്കുകയെന്ന ഉത്തരവാദിത്വമാണ് ലോകായുക്ത ഭേദഗതിയിലൂടെ നിർവ്വഹിച്ചിരിക്കുന്നത്. സ്റ്റാറ്റ്യൂട്ടറി സംവിധാനത്തിന് ഭരണഘടനാ സംവിധാനത്തെ മറികടക്കാനുള്ള അധികാരമില്ല. കേരള ലോകായുക്ത (ഭേദഗതി) ഓർഡിനൻസ് ബില്ലായി സഭയുടെ മുമ്പാകെ വരുമ്പോൾ വിശദമായി ചർച്ച ചെയ്യാം. ഇവിടെ ഉന്നയിക്കപ്പെട്ട കാര്യങ്ങൾ വസ്തുതാവിരുദ്ധമാണ്. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, പി. കെ. കുഞ്ഞാലിക്കുട്ടി, പി. ജെ. ജോസഫ്, അനൂപ് ജേക്കബ്, ശ്രീമതി കെ. കെ. രമ എന്നീ പ്രതിപക്ഷ

കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## IV ശ്രദ്ധക്ഷണിക്കൽ

### (1) എസ്.എസ്.എൽ.സി., പ്ലസ് വൺ, പ്ലസ് ടു പരീക്ഷകൾ

ശ്രീ. കെ. എം. സച്ചിൻദേവ്: എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകൾ സുഗമമായി നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതോടൊപ്പം ഫോക്കസ് ഏരിയ നിശ്ചയിച്ചതുമായി ബന്ധപ്പെട്ട ആശയക്കുഴപ്പങ്ങൾക്ക് വ്യക്തത വരുത്താനും എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി പൊതുപരീക്ഷകളുടെ ചോദ്യപാറ്റേൺ നിശ്ചയിച്ചത് സംബന്ധിച്ച് ഉയർന്നുവന്നിട്ടുള്ള പരാതികൾ പരിഹരിക്കാനും നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): കോവിഡ് മഹാമാരിമൂലം നേരിട്ടുള്ള ക്ലാസുകൾ നടത്താൻ സാധ്യമല്ലാതിരുന്നതിനാൽ എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി ക്ലാസുകൾ 01-06-2021 മുതൽ ഡിജിറ്റൽ/ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെ ആരംഭിക്കുകയും 21-02-2022 മുതൽ ഒന്ന് മുതൽ 12 വരെയുള്ള ക്ലാസുകളിലെ മുഴുവൻ

കുട്ടികളെയുമുൾപ്പെടുത്തി സാധാരണ നിലയിലുള്ള സ്കൂളിന്റെ പ്രവർത്തനം ആരംഭിക്കുകയും ശനിയാഴ്ച പ്രവൃത്തി ദിവസമാക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ എല്ലാ ശനിയാഴ്ചകളിലും സ്കൂൾതല റിസോഴ്സ് ഗ്രൂപ്പുകൾ ചേർന്ന് പാഠഭാഗങ്ങളുടെ പൂർത്തീകരണം സംബന്ധിച്ച് ചർച്ച നടത്തുകയും കുട്ടികളുടെ പഠനനേട്ടം ഉറപ്പുവരുത്തുന്നതിന് അനുയോജ്യമായ മാർഗ്ഗങ്ങൾ അവലംബിക്കുകയും ചെയ്തുവരുന്നുണ്ട്. 10, 12 ക്ലാസ്സുകളിലെ പാഠഭാഗങ്ങൾ ഫെബ്രുവരി 28-നകം പൂർത്തീകരിക്കത്തക്ക നിലയിലുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. വിദഗ്ദ്ധാഭിപ്രായം പരിഗണിച്ച് ഫോക്കസ് ഏരിയയേയും പരീക്ഷയെയും സംബന്ധിച്ചുള്ള പുതിയ ഉത്തരവ് ഇറക്കിയിട്ടുണ്ട്. എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി പരീക്ഷകളുമായി ബന്ധപ്പെട്ട് ഓരോ അദ്ധ്യാപകരും എത്ര ശതമാനം പാഠഭാഗങ്ങൾ പൂർത്തീകരിച്ചുവെന്നത് സംബന്ധിച്ച റിപ്പോർട്ട് എല്ലാ ആഴ്ചയും വിദ്യാഭ്യാസ ഡയറക്ടർക്ക് ലഭ്യമാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഓൺലൈൻ പഠനവിടവ് പരിഹരിക്കുന്നതിന് എസ്.എസ്.കെ., എൻ.എസ്.എസ്. എന്നിവയുടെ നേതൃത്വത്തിൽ പരിഹാരബോധന പ്രവർത്തനങ്ങൾ നടത്തുന്നതോടൊപ്പം ആദിവാസി, തീരദേശ മേഖലകളിൽ വിദ്യാർത്ഥികളുടെ വീടുകളിലെത്തി പഠന പിന്തുണ നൽകുന്നതിനുള്ള സജീവ

ശ്രമം നടത്തുകയുമാണ്. ഉന്നത വിദ്യാഭ്യാസ പ്രവേശന പ്രക്രിയയിൽനിന്ന് സംസ്ഥാനത്തെ വിദ്യാർത്ഥികൾ പുറത്താകരുതെന്ന ലക്ഷ്യത്തോടെ എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി പരീക്ഷകൾ സമയബന്ധിതമായി നടത്താൻ തീരുമാനിച്ചിട്ടുണ്ട്. നേരിട്ടുള്ള അധ്യയനം നടത്താൻ സാധിക്കാതിരുന്നതിനാൽ പാഠഭാഗങ്ങളുടെ ആപേക്ഷിക പ്രാധാന്യത്തിൽ ഊന്നൽ നൽകി പുനഃക്രമീകരിച്ച് ഫോക്കസ് ഏരിയ രീതി പിന്തുടരാൻ തീരുമാനിച്ചിട്ടുണ്ട്. അഖിലേന്ത്യാ മത്സരപരീക്ഷകളിലും ഇതര സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രവേശനം ലഭിക്കുന്നതിനായി ഫോക്കസ് ഏരിയയ്ക്ക് പുറത്തുനിന്ന് 30 ശതമാനം മാർക്കിനുള്ള ചോദ്യങ്ങളും നൽകുന്നതാണ്. ഫോക്കസ് ഏരിയ സംബന്ധിച്ച തീരുമാനം പുനഃപരിശോധിക്കണമെന്നാവശ്യപ്പെട്ട് ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസ് കോടതി നിരസിച്ചിട്ടുണ്ട്. ചോദ്യപാറ്റേൺ, ഫോക്കസ് ഏരിയ എന്നിവ നിശ്ചയിച്ചതുമായി ബന്ധപ്പെട്ടുള്ള ആശങ്കകൾ അസ്ഥാനത്താണ്.

## (2) മൊറട്ടോറിയം കാലാവധി ദീർഘിപ്പിക്കൽ

**ശ്രീ. ടി. സിദ്ദിഖ്:** പ്രളയം/കോവിഡ് മഹാമാരി, വിളനാശം, വിലത്തകർച്ച തുടങ്ങിയവ കാരണം അതിജീവനത്തിന് പാടുപെടുന്നവരും

പ്രതിസന്ധിയിലായവരും ജപ്തി ഭീഷണി നേരിടുന്നവരുമായ മുഴുവൻ ആളുകൾക്കും ബാങ്ക് വായ്പകളുടെ തിരിച്ചടവിന് പലിശരഹിത മൊറട്ടോറിയം പ്രഖ്യാപിക്കുന്നതോടൊപ്പം അവയുടെ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിനും ജപ്തി നടപടികൾ ഒഴിവാക്കുന്നതിനും കാർഷിക/അനുബന്ധ കടങ്ങൾ എഴുതിത്തള്ളുന്നതിനും നടപടി സ്വീകരിക്കണം. സർഫാസി ആക്ടുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി നിയോഗിച്ച അഡ്ഹോക് കമ്മിറ്റി 2019 നവംബർ 21-ന് നിയമസഭയിൽ സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സംസ്ഥാനത്ത് കോവിഡ്-19 വ്യാപനത്തെത്തുടർന്ന് വിവിധ മേഖലകളിൽ സാമ്പത്തിക പ്രതിസന്ധിയുണ്ടായ പശ്ചാത്തലത്തിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിർദ്ദേശപ്രകാരം ബാങ്കുകളിൽനിന്നും സഹകരണ സ്ഥാപനങ്ങളിൽനിന്നുമെടുത്തിട്ടുള്ള വായ്പകൾക്ക് 1-3-2020 മുതൽ 31-8-2020 വരെ മൊറട്ടോറിയം പ്രഖ്യാപിച്ചിരുന്നു. കേരള സംസ്ഥാന സഹകരണ ബാങ്ക് വഴിയുള്ള അർഹമായ വായ്പകൾക്ക് റിസർവ് ബാങ്ക് നിബന്ധനകൾക്ക് വിധേയമായി മൊറട്ടോറിയം, റീ സ്ട്രക്ചറിംഗ് എന്നിവ

2021 ഡിസംബർ മാസം വരെ അനുവദിച്ച് നൽകിയിട്ടുണ്ട്. കേരള സംസ്ഥാന സഹകരണ ബാങ്ക്, മലപ്പുറം സഹകരണ ബാങ്ക് എന്നിവിടങ്ങളിൽനിന്നും നൽകിയിട്ടുള്ള വിവിധ തരം വായ്പകളിൽ വായ്പാത്തുക കുടിശ്ശികയായവ ഇളവുകളോടുകൂടി അവസാനിപ്പിക്കുന്നതിനുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2022 മാർച്ച് 31 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. ആർബിട്രേഷൻ/ജപ്തി നടപടികൾ സ്വീകരിച്ചിട്ടുള്ള വായ്പകൾക്ക് മുൻഗണന നൽകുന്നതിനും ഈ പദ്ധതിയിലുൾപ്പെടുത്തി ഇളവ് നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽനിന്നുമെടുത്തിട്ടുള്ള കാർഷിക/വിദ്യാഭ്യാസ വായ്പ, ക്ഷീര വികസനവും മൃഗസംരക്ഷണവുമുൾപ്പെടെയുള്ള എല്ലാ വായ്പകളിന്മേലുമുള്ള ജപ്തി നടപടികൾക്ക് 2021 ഡിസംബർ 31-വരെ മൊറട്ടോറിയം പ്രഖ്യാപിച്ച് റവന്യൂ വകുപ്പ് ഉത്തരവിറക്കിയിട്ടുണ്ട്. വിളനാശം സംഭവിച്ച കർഷകർക്ക് ധനസഹായമായി നടപ്പ് സാമ്പത്തികവർഷം 117.37 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. 2021 ഒക്ടോബറിലുണ്ടായ പ്രളയം, ഉരുൾപൊട്ടൽ തുടങ്ങിയ ദുരന്തങ്ങളെത്തുടർന്ന് കേരളത്തിലെ 11 ജില്ലകളിലെ വിവിധ താലൂക്കുകളെ ദുരന്തബാധിതമായി പ്രഖ്യാപിച്ചുകൊണ്ട് പ്രത്യേക ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കർഷകരുടെ പ്രശ്നങ്ങളോട് ഉദാരമായ സമീപനമാണ്

സർക്കാർ സ്വീകരിക്കുന്നത്. അഡ്ഹോക് കമ്മിറ്റി നിയമസഭയിൽ സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചശേഷം ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

V **സബ്മിഷൻ**

(1) ഭൂമി തരംമാറ്റൽ

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): നിലവിൽ ഭൂമി തരംമാറ്റി നൽകുന്നതിനായി ലഭിച്ച അപേക്ഷകളിൽ അർഹതപ്പെട്ടവർക്ക് മൂന്ന് മാസത്തിനുള്ളിൽ തരംമാറ്റി നൽകുന്നതിനുള്ള കർമ്മ പദ്ധതി ആവിഷ്കരിക്കുന്നതോടൊപ്പം പുതുതായി ലഭിക്കുന്ന ഓൺലൈൻ അപേക്ഷകളിന്മേൽ രണ്ടു മാസത്തിനകം നടപടിക്രമങ്ങൾ പൂർത്തീകരിക്കുകയും ചെയ്യണം. നെൽവയൽ തണ്ണീർത്തട നിയമം അട്ടിമറിക്കപ്പെടാതിരിക്കുന്നതിനും റവന്യൂ ഓഫീസുകളിൽ പ്രവർത്തിക്കുന്ന ഇടനിലക്കാരെ ഒഴിവാക്കുന്നതിനും ഫീൽഡുതല/സർവ്വേ നടപടികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനും ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപനം സാധ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം. വായ്പകൾ അനുവദിക്കുന്നതിന് ഭൂമി തരംമാറ്റുന്നത് അനിവാര്യമാണെന്നുള്ള നിലപാടിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച് സ്റ്റേറ്റ്

ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയിൽ ചർച്ച ചെയ്യണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വരുന്നതിനുമുമ്പ് സ്വാഭാവികമായി നികന്നതോ നികത്തപ്പെട്ടതോ ആയ നെൽവയലുകൾ റവന്യൂ രേഖകളിൽ 'നിലം' എന്ന് രേഖപ്പെടുത്തിയതുമൂലം പുരയിടമായി പ്രയോജനപ്പെടുത്താൻ കഴിയാതെ വന്നതിനാലാണ് നിയമത്തിൽ 27 എ ഉപവകുപ്പ് കൂട്ടിച്ചേർത്ത് ഡാറ്റാബാങ്കിൽ ഉൾപ്പെടാത്തതും റവന്യൂ രേഖകളിൽ 'നിലം' എന്ന് രേഖപ്പെടുത്തിയതുമായ ഭൂമി പുരയിടമായി തരംമാറ്റുന്നതിന് അനുവാദം നൽകിയത്. 25 സെന്റ് ഭൂമി വരെ തരംമാറ്റാനുള്ള വ്യവസ്ഥ വന്നതോടുകൂടി വ്യാപകമായി അപേക്ഷകൾ വന്നുതുടങ്ങി. 2021 ജനുവരി 31 വരെ ലഭ്യമായ ഒരുലക്ഷത്തിലേറെയുള്ള അപേക്ഷകൾ ആറുമാസംകൊണ്ട് മിഷൻ മോഡിൽ പൂർത്തീകരിക്കാനായി ആറുമാസക്കാലത്തേയ്ക്ക് ആർ.ഡി.ഓഫീസുകളിൽ അധിക തസ്തികകൾ അനുവദിക്കാനും ഭൂരേഖയിൽ മാറ്റം വരുത്താൻ 51 താലൂക്ക് ഓഫീസുകളിലും 651 വില്ലേജ് ഓഫീസുകളിലും അധിക ജീവനക്കാരെയും രണ്ട് വില്ലേജ് ഓഫീസുകൾക്ക് ഒന്ന് എന്ന നിലയിൽ വാഹനം അനുവദിക്കാനും തീരുമാനിക്കുകയാണ്. ഇന്റർനെറ്റും കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റിയും

ഏർപ്പെടുത്തുന്നതിന് പ്രത്യേക പാക്കേജ് പ്രഖ്യാപിക്കുകയാണ്. ആർ.ഡി.ഒ.കളിൽ വരുന്ന മുഴുവൻ അപേക്ഷകളും ഓരോ വില്ലേജ് ഓഫീസിലും നൽകി താലൂക്കുതല അദാലത്തുകൾ നടത്തി ആറുമാസക്കാലത്തിനുള്ളിൽ തീർപ്പാക്കാൻ കഴിയുന്ന വിധത്തിലാണ് പദ്ധതി ആലോചിക്കുന്നത്. അനഭിലഷണീയമായ ഒരു നടപടിയും ആർ.ഡി.ഒ., റവന്യൂ ഓഫീസുകളിൽ അനുവദിക്കാത്ത വിധത്തിൽ ശ്രദ്ധേയമായ ഒരു പദ്ധതി ആവിഷ്കരിക്കുകയാണ്.

(2) അനന്തപുരി എഫ്.എം. പരിപാടി

ശ്രീ. വി. കെ. പ്രശാന്ത്: നിർത്തലാക്കിയ അനന്തപുരി എഫ്.എം. ചാനൽ മലയാളം പരിപാടികൾ ഉൾപ്പെടുത്തിക്കൊണ്ട് അതേപേരിൽത്തന്നെ പ്രക്ഷേപണം ചെയ്യിക്കുന്നതിനുള്ള ഇടപെടൽ നടത്തണം.

മുഖ്യമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): അനന്തപുരി എഫ്.എം. ചാനലിന്റെ പേര് മാറ്റാനും മലയാള പരിപാടികൾ കുറയ്ക്കാനുമുള്ള വാർത്താപ്രക്ഷേപണ മന്ത്രാലയത്തിന്റെയും പ്രസാർഭാരതിയുടെയും ശ്രമത്തിനെതിരെ സാംസ്കാരികരംഗത്തുനിന്ന് വലിയ

പ്രതിഷേധമുയർന്നപ്പോൾ എഫ്.എം.ന്റെ പേര് അനന്തപുരി വിവിധ് ഭാരതി മലയാളം എന്നാക്കിയതല്ലാതെ പരിപാടിയുടെ സ്വഭാവവും രൂപവും കേരളീയ താല്പര്യങ്ങൾക്ക് വിരുദ്ധമായിത്തന്നെയാണ് തുടരുന്നത്. ഉചിതമല്ലാത്തതും ഭാഷാവിരുദ്ധവും സംസ്കാരവിരുദ്ധവുമായ മാറ്റങ്ങൾ പ്രസാർഭാരതി നടപ്പിലാക്കുന്നത് ആശാസ്യമല്ല. ഇത്തരം തെറ്റുകൾ തിരുത്തിക്കാൻ സംസ്ഥാന സർക്കാർ ഇടപെടുന്നതാണ്.

(3) പെരിന്തൽമണ്ണ-വളാഞ്ചേരി കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ്

ശ്രീ. മഞ്ഞളാംകുഴി അലി: പെരിന്തൽമണ്ണ-വളാഞ്ചേരി റൂട്ടിൽ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): യാത്രക്കാരുടെ എണ്ണത്തിൽ ഗണ്യമായ കുറവുവരികയും വരുമാനമില്ലാതെവരികയും ചെയ്ത സാഹചര്യത്തിലാണ് പെരിന്തൽമണ്ണ-വളാഞ്ചേരി റൂട്ടിൽ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ നിർത്തലാക്കിയത്. യാത്രക്കാരുടെ എണ്ണം വർദ്ധിക്കുന്ന മുറയ്ക്ക് അവ പുനരാരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(4) കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ പ്രവർത്തനം

ശ്രീ. ഇ. ചന്ദ്രശേഖരൻ: കാഞ്ഞങ്ങാട് നഗരസഭയിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ പ്രവർത്തനം ആരംഭിക്കാനും ജീവനക്കാരെ നിയമിക്കാനും സത്വര നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സ്ത്രീകൾക്കും കുട്ടികൾക്കും മാത്രമായി ചികിത്സാ സൗകര്യങ്ങൾ കാസർഗോഡ് ജില്ലയിൽ നൽകുന്നതിനുവേണ്ടി കാഞ്ഞങ്ങാട് അനുവദിച്ച ആശുപത്രിക്കായി 3000 സ്ക്വയർ മീറ്റർ വിസ്തൃതിയിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടം സജ്ജമാക്കിയിട്ടുണ്ട്. കാസർഗോഡ് ജില്ലയുടെ സാഹചര്യം പരിഗണിച്ച് ആവശ്യമായ തസ്തികകൾ അനുവദിച്ചും ഉപകരണങ്ങൾ സജ്ജീകരിച്ചും പ്രസ്തുത ആശുപത്രിയുടെ പ്രവർത്തനം എത്രയും വേഗം ആരംഭിക്കുന്നതാണ്.

(5) കാത്ത് ലാബിന്റെ പ്രവർത്തനം

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയിൽ കാത്ത് ലാബിന്റെ പ്രവർത്തനം ആരംഭിക്കാനും ആവശ്യമായ ജീവനക്കാരെ നിയമിക്കാനും നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): കോഴിക്കാട് ബീച്ച് ജനറൽ ഹോസ്പിറ്റലിൽ 2021 ഏപ്രിൽ മുതൽ കാത്ത് ലാബിന്റെ പ്രവർത്തനം ആരംഭിച്ചുവെങ്കിലും തസ്തികകൾ സൃഷ്ടിക്കാത്തതിനാൽ കാർഡിയോളജിയിൽ സൂപ്പർ സ്പെഷ്യാലിറ്റി ബിരുദമുള്ള ജൂനിയർ കൺസൾട്ടന്റിനെ ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിക്കുകയും ദേശീയ ആരോഗ്യ ദൗത്യം മുഖാന്തരം കരാറടിസ്ഥാനത്തിൽ മറ്റൊരു കാർഡിയോളജിസ്റ്റിന്റെ സേവനത്തോടൊപ്പം മറ്റ് ജീവനക്കാരെയും നിയമിക്കുകയും ചെയ്തിട്ടുണ്ട്. ബീച്ച് ഹോസ്പിറ്റലിലെ കാത്ത് ലാബ് മാനേജ്മെന്റുമായി ബന്ധപ്പെട്ട് കൃത്യമായിട്ടുള്ള നിർദ്ദേശം ആശുപത്രി സൂപ്രണ്ടിന് നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ നിർമ്മിച്ചിട്ടുള്ള കാത്ത് ലാബുകളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനും ക്രമീകരിക്കുന്നതിനും സൂപ്പർ സ്പെഷ്യാലിറ്റി യോഗ്യതയുള്ള ആരോഗ്യ വകുപ്പിലെ സ്ഥിരം ഡോക്ടർമാരുടെ സേവനം കാത്ത് ലാബ് ഉൾപ്പെടെ സ്പെഷ്യാലിറ്റി സർവ്വീസുകളിലേയ്ക്ക് ലഭ്യമാക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ബീച്ച് ആശുപത്രിയിൽ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളിൽ തസ്തിക സൃഷ്ടിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(6)എഫ്.എച്ച്.സി.-കളിലെ സ്റ്റാഫ് നഴ്സ് തസ്തികയിലെ ഒഴിവുകൾ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: കോട്ടയം ജില്ലയിലെ എഫ്.എച്ച്.സി.-കളിലെ സ്റ്റാഫ് നഴ്സ് തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): ആർദ്രം പദ്ധതിയിലുൾപ്പെടുത്തി കോട്ടയം ജില്ലയിൽ സ്റ്റാഫ് നഴ്സുമാരുടെ അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ സ്റ്റാഫ് നഴ്സിന്റെ സേവനം കൂടുതൽ വേണ്ടിവന്നാൽ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതാണ്. കോട്ടയം ജില്ലയിൽ നിലവിലുള്ള 5 സ്റ്റാഫ് നഴ്സുമാരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. രോഗികൾ കൂടുതലായെത്തുന്ന സാഹചര്യത്തിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(7) ഞാവളിൻകടവ് പാലം നിർമ്മാണം

ശ്രീ. കെ. പ്രേംകുമാർ: ഞാവളിൻകടവ് പാലം നിർമ്മാണത്തിന് ലക്കിടി-പേരൂർ ഭാഗത്തെ നിലത്തിന് പരിവർത്തനാനുമതി ലഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): ഞാവളിൻകടവ് പാലത്തിന് അനുബന്ധ റോഡുനിർമ്മാണത്തിനുള്ള 196.46 സെന്റ് നിലം പരിവർത്തനപ്പെടുത്തിയാൽ നെൽകൃഷിയെ സാരമായി ബാധിക്കുകയും ദൂരവ്യാപകമായ പാരിസ്ഥിതിക പ്രശ്നത്തിനിടവരുത്തുകയും ചെയ്യുമെന്നുള്ളതിനാലാണ് അപേക്ഷ നിരസിച്ചത്. ഞാവളിൻകടവ് പാലവും അനുബന്ധ റോഡും അത്യന്താപേക്ഷിതമായതിനാൽ ജില്ലാ കളക്ടർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനുബന്ധ റോഡിനായി നെൽപ്പാടത്തിനുകുറുകെ ഒരു എലിവേറ്റർ സ്ട്രക്ച്ചർ നിർമ്മിക്കുന്നതിനാവശ്യമായ പരമാവധി കുറഞ്ഞ അളവിലുള്ള നിലം പരിവർത്തനപ്പെടുത്തുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ലക്കിടി-പേരൂർ ഭാഗത്ത് അനുബന്ധ റോഡിനായി പരമാവധി കുറഞ്ഞ അളവിലുള്ള നിലം പരിവർത്തനപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

## (8) ജൽജീവൻ മിഷൻ പദ്ധതി

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): ജൽജീവൻ മിഷൻ പദ്ധതിയിൽ

ഉദയംപേരൂർ പഞ്ചായത്തിനെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): കേരളത്തിലെ ഗ്രാമീണ മേഖല മുഴുവൻ 2024-ഓടെ ഗാർഹിക കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. സാമ്പത്തിക ഭദ്രതയില്ലാത്ത പഞ്ചായത്തുകളുടെ കാര്യത്തിൽ സഹായകരമായ നിലപാട് സർക്കാർ സ്വീകരിക്കുന്നതാണ്. ജൽജീവൻ മിഷൻ പദ്ധതിയിൽനിന്നും ഒരു പഞ്ചായത്തിനെയും ഒഴിവാക്കാൻ തീരുമാനിച്ചിട്ടില്ല. പദ്ധതിയിൽനിന്നും മാറ്റിവച്ച പഞ്ചായത്തുകളെ പുനരവലോകനം നടത്തി ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(9) തൃക്കരിപ്പൂരിലെ തീരദേശ ഗ്രാമങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് സംബന്ധിച്ച്

ശ്രീ. എം. രാജഗോപാലൻ: തൃക്കരിപ്പൂരിലെ തീരദേശ ഗ്രാമങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): തൃക്കരിപ്പൂരിലെ തീരദേശ ഗ്രാമങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനാവശ്യമായ നടപടികൾക്ക് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തുടക്കം കുറിക്കുകയും 54.21 കോടി രൂപ എസ്റ്റിമേറ്റ് വരുന്ന സമഗ്രമായ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ചെയ്തതിന്റെയടിസ്ഥാനത്തിൽ പദ്ധതി ആവിഷ്കരിച്ച്

മുന്നോട്ടുപോകാനാണ് തീരുമാനിച്ചിട്ടുള്ളത്.

(10) കാസർഗോഡ് മിനിഡാമുകളുടെ നിർമ്മാണം

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: മിനിഡാമുകൾ നിർമ്മിച്ച് കാസർഗോഡ് ജില്ലയിലെ ജലക്ഷാമം പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): കാസർഗോഡ് വികസന പാക്കേജും ജലസേചന വകുപ്പും സംയുക്തമായി നടത്തുന്ന മിനി ഡാം ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജലക്ഷാമം പരിഹരിക്കാൻ സാധിക്കുന്നതാണ്.

## VI മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## VII റിപ്പോർട്ട് സമർപ്പണം:

കാര്യോപദേശക സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിച്ചു.

## VIII റിപ്പോർട്ട് പരിഗണന:

കാര്യോപദേശക സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## IX ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച

ശ്രീ. ടി. പി. രാമകൃഷ്ണൻ: " 2022 ഫെബ്രുവരി 18-ാം തീയതി ഗവർണർ കേരള നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ ഗവർണർക്ക് നന്ദി രേഖപ്പെടുത്തുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: പ്രമേയത്തെ പിന്താങ്ങുന്നു.

(സർവ്വശ്രീ പി. കെ. ബഷീർ, എൻ. ഷംസുദ്ദീൻ, പി. ഉബൈദുള്ള, കുറുക്കോളി മൊയ്തീൻ, നജീബ് കാന്തപുരം, എ. കെ. എം. അഷ്റഫ്, പി. അബ്ദുൽ ഹമീദ്, എൻ. എ. നെല്ലിക്കുന്ന്, കെ. പി. എ. മജീദ്, ടി. വി. ഇബ്രാഹിം, മഞ്ഞളാംകുഴി അലി, അൻവർ സാദത്ത്, ടി. ജെ. വിനോദ്, ഷാഫി പറമ്പിൽ, സനീഷ്കുമാർ ജോസഫ്, സണ്ണി ജോസഫ്, കെ. ബാബു (തൃപ്പൂണിത്തുറ), പി. സി. വിഷ്ണുനാഥ്, ടി. സിദ്ദിഖ്, ഡോ. മാത്യു കുഴൽനാടൻ എന്നീ അംഗങ്ങൾ നന്ദിപ്രമേയത്തിന് ഭേദഗതികൾ അവതരിപ്പിച്ചു.)

ശ്രീ. ടി. പി. രാമകൃഷ്ണൻ: സാമൂഹ്യനീതിയിലധിഷ്ഠിതമായി സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും ഉൾക്കൊണ്ടുകൊണ്ട് സുസ്ഥിര വികസന പ്രക്രിയയിലൂടെ നവകേരളം യാഥാർത്ഥ്യമാക്കാനുള്ള ഇടതുപക്ഷ

ഗവൺമെന്റിന്റെ പ്രയാണത്തിലെ സുപ്രധാന നാഴികക്കല്ലുകളിലൊന്നാണ് നയപ്രഖ്യാപനം. നീതി ആയോഗിന്റെ സുസ്ഥിര വികസന സൂചികയിലും ആരോഗ്യസൂചികയിലും കേരളം തുടർച്ചയായി മുന്നിൽ നിൽക്കുകയാണ്. രാജ്യത്ത് ഏറ്റവും കുറഞ്ഞ ശിശുമരണനിരക്കുള്ള സംസ്ഥാനമാണ് കേരളം. 2021-ലെ പബ്ലിക് അഫയേഴ്സ് ഇൻഡക്സ് പ്രകാരം ഇന്ത്യയിൽ ഏറ്റവും മികച്ച രീതിയിൽ ഭരണ നിർവ്വഹണം നടപ്പാക്കുന്ന സംസ്ഥാനമായി കേരളം തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. എല്ലാ കുടുംബങ്ങൾക്കും സ്വന്തമായി പാർപ്പിടവും എല്ലാവർക്കും ഉയർന്ന നിലവാരമുള്ള വിദ്യാഭ്യാസവും മികച്ച ആരോഗ്യപരിരക്ഷയും അടിസ്ഥാന സൗകര്യങ്ങളും തൊഴിലവസരവും ഉറപ്പുവരുത്തുന്ന സംസ്ഥാനമായി കേരളം മാറിക്കൊണ്ടിരിക്കുകയാണ്. ലോകത്തിന് തന്നെ മാതൃകയായി മാറിയ പ്രതിരോധ ആശ്വാസ നടപടികളാണ് കോവിഡ് പ്രതിസന്ധി മറികടക്കാനായി സർക്കാർ നടപ്പാക്കിയത്. ആരോഗ്യപരിരക്ഷാ സംവിധാനങ്ങൾ സുശക്തമാക്കിയതിലൂടെയും സൗജന്യചികിത്സ ഉറപ്പാക്കിയതിലൂടെയും രോഗവ്യാപനം നിയന്ത്രിക്കാനും മരണനിരക്ക് കുറച്ചുകൊണ്ടുവരാനും സാധിച്ചിട്ടുണ്ട്. കോവിഡ് പ്രതിസന്ധിമൂലം വരുമാനം നിലച്ചുപോയവർക്ക് പ്രത്യേക പാക്കേജ് പ്രഖ്യാപിക്കുകയും കോവിഡ് പ്രതിരോധ വാക്സിനേഷൻ

ഫലപ്രദമായി നടപ്പാക്കുകയും ചെയ്തു. തിരുവനന്തപുരം- കാസർഗോഡ് സിൽവർലൈൻ പദ്ധതിയും കെ-ഫോൺ പദ്ധതിയും യാഥാർത്ഥ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ദേശീയപാതകൾ, ഗെയിൽ വാതക പൈപ്പ്ലൈൻ, ദേശീയ ജലപാത എന്നിവ യാഥാർത്ഥ്യമാക്കുന്നതിന് സാധിച്ചു. സർക്കാരിന്റെ നൂറ് ദിന കർമ്മ പരിപാടികൾ കേരളത്തിന്റെ സാമൂഹ്യ, സാമ്പത്തിക, തൊഴിൽ, പശ്ചാത്തല വികസന മേഖലകളിൽ ഉണർവ് സൃഷ്ടിച്ചിട്ടുണ്ട്. ഭൂമിയേറ്റെടുക്കലുൾപ്പെടെ 64,348 കോടി രൂപയുടെ പദ്ധതികൾക്ക് കിഫ്ബി അംഗീകാരം ലഭ്യമാക്കാൻ കഴിഞ്ഞതിനൊപ്പം പൊതുമരാമത്ത്, ആരോഗ്യം, വ്യവസായം എന്നീ മേഖലകളിൽ 6943.37 കോടി രൂപയുടെ പദ്ധതികൾക്ക് കിഫ്ബി ഡയറക്ടർ ബോർഡിന്റെ അനുമതി ലഭ്യമാക്കാനും കഴിഞ്ഞത് ശ്ലാഘനീയമാണ്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. വിലക്കയറ്റം നിയന്ത്രിക്കാനും റേഷൻ കടകളെ ജനസേവന കേന്ദ്രങ്ങളാക്കാനും കഴിഞ്ഞത് പ്രശംസനീയമാണ്. റേഷൻ കാർഡുകൾ സ്മാർട്ട് റേഷൻ കാർഡുകളാക്കി മാറ്റുന്നതിനും വാടക വീടുകളിൽ താമസിക്കുന്നവർക്ക് റേഷൻ കാർഡുകൾ ലഭ്യമാക്കാനും 120000

കുടുംബങ്ങളെ മുൻഗണനാ പട്ടികയിലുൾപ്പെടുത്താനും സർക്കാരിന് സാധിച്ചു. 'പുനർഗേഹം' പദ്ധതിയിലൂടെ 18685 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പുനരധിവാസം ഉറപ്പാക്കിയതും പ്രകൃതിക്ഷോഭംമൂലം കടലിൽ പോകാൻ കഴിയാത്ത മത്സ്യത്തൊഴിലാളികൾക്ക് 3000 രൂപ വീതം ആശ്വാസ ധനസഹായം നൽകിയതും സബ്സിഡി അനുവദിച്ച് മണ്ണെണ്ണ വിലവർദ്ധന തടഞ്ഞതും ശ്ലാഘനീയമാണ്. 155 പുതിയ സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കാനും കോവിഡ് കാലയളവിൽ എസ്.എസ്.എൽ.സി., പ്ലസ് ടൂ പരീക്ഷകൾ കുറ്റമറ്റരീതിയിൽ നടത്താനും ഓൺലൈൻ/ഡിജിറ്റൽ ക്ലാസ്സുകൾ ആരംഭിക്കാനും 6000-ത്തോളം അദ്ധ്യാപകർക്ക് പുതുതായി നിയമനം നൽകാനും ആവശ്യത്തിന് അദ്ധ്യാപകരില്ലാത്ത വിദ്യാലയങ്ങളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്താനും സാധിച്ചിട്ടുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : നന്ദിപ്രമേയത്തെ എതിർക്കുന്നു. നയമില്ലായ്മയാണ് ഈ സർക്കാരിന്റെ മുഖമുദ്ര. ആഭ്യന്തര വകുപ്പിന്റെ കെടുകാര്യസ്ഥതയും അഴിമതിയുമാണ് സംസ്ഥാനത്ത് കാണാൻ സാധിക്കുന്നത്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കേരളത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന വികസനക്ഷേമ പ്രവർത്തനങ്ങളാണ്

നയപ്രഖ്യാപനത്തിലുൾപ്പെടുത്തിയിട്ടുള്ളത്. ആരോഗ്യ- വിദ്യാഭ്യാസ സൗകര്യങ്ങൾ, ഭക്ഷ്യസുരക്ഷാ ക്രമീകരണങ്ങൾ, അടിസ്ഥാന വിഭാഗങ്ങൾക്കായുള്ള ക്ഷേമ പ്രവർത്തനങ്ങൾ, സാമൂഹിക-സാമ്പത്തിക സുരക്ഷാ പദ്ധതികൾ, ദാരിദ്ര്യ നിർമ്മാർജ്ജന സംവിധാനങ്ങൾ എന്നിവ ഏകോപിപ്പിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഗവൺമെന്റിന്റെ നയം സ്വാഗതാർഹമാണ്. തുടർഭരണം സാധ്യമാകുന്ന തരത്തിൽ സമസ്തമേഖലകളിലും ബദൽ നയവും വികസനവും ഉൾപ്പെടുത്തിയുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. വരുമാന നഷ്ടത്തിലേയ്ക്കും അധിക ബാധ്യതകളിലേയ്ക്കും സംസ്ഥാനത്തെ നയിക്കുന്ന സമീപനമാണ് സ്വീകരിക്കുന്നത്. നൂറ് ദിന കർമ്മ പരിപാടികളിൽ 40 ശതമാനം പദ്ധതികൾ മാത്രമാണ് നടപ്പിലാക്കിയത്. കോവിഡ് മരണങ്ങൾ കുറച്ച് കാണിച്ചതും മാനദണ്ഡങ്ങൾ പാലിക്കാതെ മരുന്നും അനുബന്ധ ഉപകരണങ്ങളും വാങ്ങിയതും അപലപനീയമാണ്. മയക്കമരുന്നിനെതിരെ സ്കൂൾ-കോളേജ് തലങ്ങളിൽ ബോധവത്കരണം നടത്തുന്നതിനും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനും സൈബർ കുറ്റകൃത്യങ്ങൾ, കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ എന്നിവ തടയുന്നതിനും നടപടി

സ്വീകരിക്കണം.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സംസ്ഥാനം നേരിട്ട സാമ്പത്തിക പ്രതിസന്ധി മറികടന്ന് വികസന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാനും അവ പൂർത്തീകരിക്കാനും സാധിച്ചത് അഭിനന്ദനാർഹമാണ്. കാർഷിക മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പ്രഖ്യാപനങ്ങൾ സ്വാഗതാർഹമാണ്.

ശ്രീ. അനൂപ് ജേക്കബ്: നന്ദിപ്രമേയത്തെ എതിർക്കുന്നു. ആവർത്തനങ്ങളുടെ വേലിയേറ്റമാണ് നയപ്രഖ്യാപന പ്രസംഗം. മാനദണ്ഡങ്ങൾ പാലിക്കാതെ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നടത്തിയ അഴിമതി സംബന്ധിച്ച് വിജിലൻസ്/സ്വതന്ത്ര ഏജൻസി അന്വേഷണം നടത്തണം. കെ-റെയിൽ പദ്ധതിയുമായി ബന്ധപ്പെട്ട ആശങ്കകൾ പരിഹരിക്കണം. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ആക്രമണങ്ങളെയും രാഷ്ട്രീയകൊലപാതകങ്ങളെയും നേരിടാൻ ഗവൺമെന്റിന് സാധിക്കുന്നില്ല.

ശ്രീ. ഒ. ആർ. കേളു: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സർക്കാരിന്റെ വാഗ്ദാനങ്ങളുടെ പൂർത്തീകരണവും നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളെക്കുറിച്ചുള്ള കാഴ്ചപ്പാടും വ്യക്തമാക്കുന്നതാണ് നയപ്രഖ്യാപനം.

സമസ്ത മേഖലകളിലും ദീർഘവീക്ഷണത്തോടെയുള്ള വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതും കേരള ജനതയെ മതേതരത്വത്തിലും ജനാധിപത്യത്തിലും ഒറ്റക്കെട്ടായി നിർത്തുന്നതും അഭിനന്ദനാർഹമാണ്. ഇന്ധന വിലവർദ്ധന മുന്നിൽക്കണ്ട് ഇലക്ട്രിക് വാഹനങ്ങൾ കൂടുതലായി നിരത്തിലിറക്കുന്നതിനുള്ള നടപടി ശ്ലാഘനീയമാണ്.

ശ്രീ. തോമസ് കെ. തോമസ്: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. അടിസ്ഥാന സൗകര്യവികസനം, ക്ഷേമപ്രവർത്തനങ്ങൾ, പൊതുവിദ്യാഭ്യാസം, ആരോഗ്യം തുടങ്ങി സമസ്ത മേഖലകളിലെയും സമാനതകളില്ലാത്ത വളർച്ച ലക്ഷ്യമാക്കുന്നതാണ് നയപ്രഖ്യാപന പ്രസംഗം. കിഫ്ബിയിലുൾപ്പെടുത്തി കുട്ടനാട്ടിൽ റോഡുകളും പാലങ്ങളും സ്കൂളുകളും നിർമ്മിക്കുന്നതും വ്യവസായങ്ങളാരംഭിക്കുന്നതിന് നടപടി സ്വീകരിച്ചതും സ്വാഗതാർഹമാണ്. സംസ്ഥാനം പ്രകൃതിദുരന്തങ്ങളെ അതിജീവിച്ചത് ലോകത്തിനുതന്നെ മാതൃകയാണ്. ലൈഫ് മിഷനിലൂടെ വീടുകൾ ലഭ്യമാക്കിയതും തരിശുനിലങ്ങൾ കൃഷിചെയ്ത് കാർഷിക മേഖലയെ അഭിവൃദ്ധിപ്പെടുത്തിയതും ശ്ലാഘനീയമാണ്. കുട്ടനാട്ടിലെ ടൂറിസ്റ്റ് മേഖലയെ ശക്തിപ്പെടുത്തുന്നതിനും ഹൗസ് ബോട്ടുകളും വള്ളംകളിക്കുപയോഗിക്കുന്ന വള്ളങ്ങൾ സംരക്ഷിക്കുന്നതിനും നടപടിയുണ്ടാകണം.

ശ്രീ. എ. പ്രഭാകരൻ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കേന്ദ്ര സർക്കാരിന്റെ ജനവിരുദ്ധ നിലപാടുകളും സ്വപ്നപദ്ധതികൾക്ക് തടസ്സം സൃഷ്ടിക്കുന്ന പ്രതിപക്ഷ സമീപനവും പ്രതിഷേധാർഹമാണ്. മൾട്ടി ക്രോപ്പിംഗ് സിസ്റ്റം, തരിശ് രഹിത മണ്ഡലം, അഗ്രി കേഡറ്റ് കോർ പ്രോഗ്രാം, സ്മാർട്ട് കൃഷിഭവനുകൾ, ക്ഷീരോല്പാദന മേഖലയുടെ സ്വയംപര്യാപ്തത, പാൽക്കുടം സംയോജിത ക്ഷീരവികസന പദ്ധതി തുടങ്ങിയവ കാർഷിക മേഖലയുടെ മുന്നേറ്റത്തിനുദാഹരണങ്ങളാണ്. വില്ലേജാഫീസുകൾ ജനസൗഹൃദമാക്കാൻ വിഷൻ & മിഷൻ, സ്മാർട്ട് വില്ലേജാഫീസുകൾ, ജില്ലാ റവന്യൂ അസംബ്ലി, എം.എൽ.എ.-മാരുടെ പരാതികൾക്ക് ഡാഷ് ബോർഡ്, എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്, പരമാവധി പട്ടയ വിതരണം തുടങ്ങിയ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. മത്സ്യകൃഷി വർദ്ധിപ്പിച്ചതും പുനർഗേഹം, മുറ്റത്തെ മുല്ല, സ്നേഹതീരം മൈക്രോ ഫിനാൻസ്, യുവ സഹകരണ സംഘങ്ങൾ തുടങ്ങിയ നൂതന പദ്ധതികൾ ആവിഷ്കരിച്ചതും ശ്ലാഘനീയമാണ്. പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റഴിക്കുന്ന കേന്ദ്ര ഗവൺമെന്റ് നിലപാട് പ്രതിഷേധാർഹമാണ്.

<u>ശ്രീ. ടി. സിദ്ദിഖ്</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. ലോകായുക്തയെ തകർക്കാനുള്ള ആസൂത്രിത ശ്രമമാണ് സർക്കാർ നടത്തുന്നത്. കണ്ണൂർ സർവ്വകലാശാലയിലെ ബോർഡ് ഓഫ് സ്റ്റഡീസിൽ നിശ്ചിത യോഗ്യതയില്ലാത്തവരെ ഉൾപ്പെടുത്തിയതും വൈസ് ചാൻസലർ നിയമനവുമായി ബന്ധപ്പെട്ട് സെർച്ച് കമ്മിറ്റി പിരിച്ചുവിടാൻ നടപടി സ്വീകരിച്ചതും സംബന്ധിച്ച് വ്യക്തമാക്കണം. കെ-റെയിൽ പദ്ധതി നടപ്പാക്കാനുള്ള തീരുമാനത്തിൽനിന്ന് സർക്കാർ പിന്മാറണം.

<u>ശ്രീമതി കാനത്തിൽ ജമീല</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കേരളം ലോകത്തിനുതന്നെ മാതൃകയായി സമസ്ത മേഖലയിലും നേട്ടം കൈവരിക്കുന്ന തരത്തിൽ ദീർഘവീക്ഷണമുള്ള പ്രവർത്തനങ്ങളാണ് സർക്കാർ കാഴ്ചവച്ചിട്ടുള്ളത്. ഗെയിൽ പൈപ്പ് ലൈൻ പദ്ധതി ദ്രുതഗതിയിൽ നടപ്പാക്കുന്നത് കേരളത്തിന്റെ വികസനത്തെയാണ് സൂചിപ്പിക്കുന്നത്.

<u>ശ്രീ. പി. വി. അൻവർ</u> : നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. മഹാമാരിയും പ്രളയവും മറ്റ് ദുരിതങ്ങളും അതിജീവിച്ച് വികസന ക്ഷേമ രംഗങ്ങളിൽ പുരോഗതി കൈവരിക്കാൻ കഴിഞ്ഞതും സംസ്ഥാനത്തിന്

പബ്ലിക് അഫയേഴ്സ് ഇൻഡക്സിൽ ഒന്നാം സ്ഥാനം ലഭിച്ചതും സ്വാഗതാർഹമാണ്. നൈപുണ്യ പരിശീലനം നൽകി തൊഴിൽ സാധ്യത മികവുറ്റതാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചതും കോവിഡ് സൃഷ്ടിച്ച ആരോഗ്യ-സാമ്പത്തിക-സാമൂഹിക വെല്ലുവിളികൾ നേരിടുന്നതിന് 20,000 കോടി രൂപയുടെ പാക്കേജ് അനുവദിച്ചതും 13500 കുടുംബങ്ങൾക്ക് പട്ടയം നൽകിയതും പട്ടികജാതി വകുപ്പിനുകീഴിൽ പൂർത്തിയാകാതെ കിടന്ന വീടുകൾ പൂർത്തീകരിച്ചതും ആയിരം ഗ്രാമീണ റോഡുകൾ പുനരുദ്ധരിച്ചതും അഭിനന്ദനാർഹമാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: നന്ദിപ്രമേയത്തെ എതിർക്കുന്നു. ആവർത്തന വിരസവും മുൻകാലങ്ങളിൽ നടക്കാതെപോയ പദ്ധതികളുടെ പുനർ പ്രഖ്യാപനവുമാണ് നയപ്രഖ്യാപനത്തിലുടനീളമുള്ളത്.

ശ്രീ. വി. ആർ. സുനിൽ കുമാർ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. മട്ടുപ്പാവ് കൃഷിയും അടുക്കളത്തോട്ടവുമുൾപ്പെടെയുള്ള ശാസ്ത്രീയ കൃഷിരീതികളിലൂടെ സംസ്ഥാനത്തെ കാർഷിക സ്വയംപര്യാപ്തതയിൽ എത്തിക്കുമെന്ന പ്രഖ്യാപനം അഭിനന്ദനാർഹമാണ്. നെൽവയൽ ഉടമകൾക്ക് റോയൽറ്റി നൽകിയും വിള ഇൻഷ്വറൻസ് ഏർപ്പെടുത്തിയും കാർഷിക മേഖലയെ പരിപോഷിപ്പിക്കുന്നതിനും ക്ഷീരമേഖലയെ

സ്വയംപര്യാപ്തതയിലേയ്ക്ക് എത്തിക്കുന്നതിനും സാധിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് ഭക്ഷ്യധാന്യ വിഹിതം വെട്ടിക്കുറച്ച അവസരത്തിലും സബ്സിഡി നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തുകൊണ്ട് ഇതര സംസ്ഥാന ഗവൺമെന്റുകൾക്കാകെ മാതൃകയാകാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ മേഖല ശക്തിപ്പെടുത്തുന്നതിനും ഉന്നത വിദ്യാഭ്യാസ മേഖലയിൽ ലോകോത്തര നിലവാരത്തിലുള്ള പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചു. അർഹരായവർക്ക് പട്ടയവും ലൈഫ് മിഷൻ പദ്ധതിവഴി വീടുകളും സമയബന്ധിതമായി നൽകുന്നതും വിഷൻ & മിഷൻ പദ്ധതിയിലൂടെ അർഹരായവർക്ക് ഭൂമിയും സേവനങ്ങളും സ്മാർട്ടാക്കുന്ന നടപടിയും പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനുള്ള നടപടിയും ശ്ലാഘനീയമാണ്. ഓട്ടിസം സ്പെക്ട്രം ഡിസോർഡറുള്ള കുട്ടികളുടെ പുനരധിവാസത്തിനുള്ള സെറിബ്രൽ പാൾസി റീഹാബിലിറ്റേഷൻ റിസർച്ച് സെന്റർ വലിയ മാറ്റങ്ങൾക്ക് കാരണമാകും. ജയിൽ മോചിതരായ ഭവനരഹിതർക്കായി തണലിടം പ്രൊബേഷൻ ഹോം പദ്ധതിയും ഭിന്നശേഷിക്കാരുടെ സമഗ്ര പുനരധിവാസത്തിനായി പുനരധിവാസ വില്ലേജുകൾ സ്ഥാപിക്കുന്നതും സ്വാഗതാർഹമാണ്. ക്രമസമാധാന പാലനത്തിലും നിയമവാഴ്ചയിലും കേരളം മറ്റ്

സംസ്ഥാനങ്ങൾക്ക് മാതൃകയാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: നന്ദിപ്രമേയത്തെ എതിർക്കുന്നു. പരിസ്ഥിതി സൗഹൃദ നവകേരളം സൃഷ്ടിക്കുമെന്ന് പ്രഖ്യാപിക്കുകയും പരിസ്ഥിതിക്ക് കോട്ടംതട്ടുന്ന സിൽവർ ലൈൻ പോലുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുന്നതിലൂടെ സർക്കാർ പ്രഖ്യാപനവും പ്രവൃത്തിയും തമ്മിലുള്ള വൈരുദ്ധ്യം ബോദ്ധ്യപ്പെടുന്നതാണ്. കോവിഡ് മഹാമാരിക്കാലത്ത് പി.പി.ഇ കിറ്റ്, ഗ്ലൗസ്, ഇൻഫ്രാ റെഡ് തെർമോ മീറ്റർ തുടങ്ങിയവ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി വാങ്ങിയതുമായി ബന്ധപ്പെട്ട് സർക്കാർ നടത്തിയ ക്രമക്കേടുകൾ സംബന്ധിച്ച് സമഗ്ര അന്വേഷണം നടത്തണം.

ശ്രീ. എ. എൻ. ഷംസീർ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സമസ്ത മേഖലകളിലും സർക്കാർ നടത്തിയ വികസന പ്രവർത്തനങ്ങൾ മാതൃകാപരമാണ്. പൊതുമേഖലാ സ്ഥാപനങ്ങൾ സംരക്ഷിക്കൽ, യുവസംരംഭകരെ സഹകരണ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിന്റെ ഭാഗമായി 30 യുവസഹകരണ സംഘങ്ങൾ രൂപീകരിക്കൽ, ഉന്നത വിദ്യാഭ്യാസ മേഖലയിൽ സ്കീം ഫോർ ഹെർ എംപവർമെന്റ് ഇൻ എഞ്ചിനീയറിംഗ് എഡ്യൂക്കേഷൻ (SHE) സംവിധാനമേർപ്പെടുത്തൽ,

കെ-ഫോൺ പദ്ധതി, പൊതുമരാമത്ത് മേഖലയിൽ കോൺസ്റ്റിറ്റ്യുവൻസി മോണിറ്ററിംഗ് ടീമിനെ ഏർപ്പെടുത്തൽ, ഉൾനാടൻ ജലപാത നവീകരണം, കളിയിക്കാവിള മുതൽ തലപ്പാടി വരെ ആറ് വരി പാത നിർമ്മിക്കുന്നതിനുള്ള പദ്ധതി എന്നിവ അഭിമാനാർഹമായ നേട്ടങ്ങളാണ്. കെ-റെയിൽ പദ്ധതി അട്ടിമറിക്കാനുള്ള പ്രതിപക്ഷ നീക്കം അപലപനീയമാണ്.

## X വ്യക്തിപരമായ വിശദീകരണം

കെ.എം.എസ്.സി.എൽ.-ഉമായി ബന്ധപ്പെട്ട ആരോപണം സംബന്ധിച്ച്

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): ശ്രീ. പി. സി. വിഷ്ണുനാഥ് കെ.എം.എസ്.സി.എൽ.-ഉമായി ബന്ധപ്പെട്ട് ഇന്ന് സഭയിലുന്നയിച്ച ആരോപണങ്ങൾ അടിസ്ഥാനരഹിതവും പുകമറ സൃഷ്ടിക്കുന്നതുമാണ്. ആരോഗ്യ വകുപ്പിനാവശ്യമായ മരുന്ന്, കോവിഡ് പ്രതിരോധ സാമഗ്രികൾ, ഉപകരണങ്ങൾ എന്നിവ സംഭരിക്കൽ, പരിശോധനാ സംവിധാനങ്ങളൊരുക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ കെ.എം.എസ്.സി.എൽ. ആണ് നിർവ്വഹിച്ചിരുന്നത്. പ്രസ്തുത സ്ഥാപനം വഴി നടത്തുന്ന പർച്ചേസുകൾ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിന് വിധേയമാണ്; കൂടാതെ ധനകാര്യ വകുപ്പിന്റെ ഇൻസ്പെക്ഷൻ വിംഗിന്റെ പരിശോധന ഇപ്പോൾ നടന്നുവരികയുമാണ്. എല്ലാ കാര്യങ്ങളും സുതാര്യമായി

മുന്നോട്ടുകൊണ്ടുപോകാനാണ് സർക്കാർ ശ്രമിക്കുന്നത്.

(സഭ വൈകുന്നേരം 4.03-ന് പിരിഞ്ഞു.)

*****